"ഭരണഭാഷ-മാതൃഭാഷ"

No.DWCD/4786/2023-ICDSB5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 24-09-2024
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- എല്ലാ അങ്കണവാടികളിലും കടിവെള്ള സൗകര്യം ലഭ്യമാക്കുന്നത് -തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്:-

സൂചന:- 1 പ്രോഗ്രാം ഓഫീസർമാർ വിവിധ തീയതികളിൽ സമർപ്പിച്ച കടിവെള്ളം ലഭ്യമാകാത്ത അങ്കണവാടി കേന്ദ്രങ്ങളുടെ വിവരങ്ങൾ

2 07-08-2024 ന ജലജീവൻ മിഷൻ ഡെപ്യൂട്ടി ചീഫ് എൻജിനീയർ , എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരുമായി നടത്തിയ ചർച്ച

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു .സൂചന 1 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കടിവെള്ളം ഇല്ലാത്ത അങ്കണവാടികളുടെ പട്ടിക തയാറാക്കിയത് ചുവടെ ചേർക്കുന്നു . പ്രോഗ്രാം ഓഫീസർമാർ നൽകിയ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 3885 അങ്കണവാടികളിൽ Piped drinking water സൗകര്യമില്ല എന്ന് കാണുന്നു .

| SL.NO | DISTRICT | NO. OF AWCS WITHOUT PIPED DRINKING WATER |
|---|---|---|
| 1 | THIRUVANANTHAPURAM | 153 |
| 2 | KOLLAM | 160 |
| 3 | PATHANAMTHITTA | 139 |
| 4 | ALAPUZHA | 149 |
| 5 | KOTTAYAM | 293 |
| 6 | IDUKKI | 512 |
| 7 | ERANAKULAM | 53 |
| 8 | THRISSUR | 120 |

| | | |
|---|---|---|
| 9 | PALAKKAD | 147 |
| 10 | MALAPPURAM | 842 |
| 11 | WAYANAD | 136 |
| 12 | KOZHIKKODU | 575 |
| 13 | KANNUR | 344 |
| 14 | KASARGOD | 262 |
| TOTAL | | 3885 |

സംസ്ഥാനത്ത് ജല ജീവൻ മിഷൻ മുഖാന്തിരം എല്ലാ അങ്കണവാടികൾക്കും കടിവെള്ള സൗകര്യം 2 വർഷം മുമ്പ് നൽകിയിട്ടുള്ളതായും ,പൈപ്പ് കണക്ഷൻ നൽകാൻ സാധിക്കാത്ത സ്ഥലങ്ങളിൽ , മോട്ടോർ ഘടിപ്പിച്ച കിണറ്റിൽ നിന്നും വെള്ളം പമ്പ് ചെയ്ത ടാങ്കിലേക്ക് കയറ്റുകയും .ടി വെള്ളം ഫിൽറ്റർ ചെയ്ത കുട്ടികൾക്ക് ലഭ്യമാക്കുന്നതിനു purifier ഉൾപ്പടെ എല്ലാ വിധ സൗകര്യങ്ങളും ഒരുക്കിയിട്ടുള്ളതായും ജല ജീവൻ മിഷൻ സൂചന 2 പ്രകാരം നടത്തിയ മീറ്റിംഗിൽ അറിയിച്ചിട്ടുണ്ട്. .എന്നിട്ടും നിലവിൽ കുടിവെള്ള സൗകര്യമില്ലാത്ത 3885 അങ്കണവാടികൾ സംസ്ഥാനത്ത് ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ , താങ്കളുടെ ജില്ലയിൽ കുടിവെള്ള സൗകര്യം ലഭ്യമാകാത്ത എല്ലാ അങ്കണവാടികളിലും കുടിവെള്ളം എത്തിക്കുന്നതിനായി വാട്ടർ അതോറിറ്റിമായും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും ചുവടെ പറയുന്ന പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ് .

1 . റൂറൽ ഏരിയയിലുള്ള സൂപ്പർവൈസർമാർ അവരവരുടെ അധികാര പരിധിയിലുള്ള അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ഇല്ലായെങ്കിൽ , വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസിലെ Assistant Engineer ,Assistant Executive Engineer എന്നിവരെ നേരിട്ട് കണ്ടു പ്രസ്തുത അങ്കണവാടികളുടെ ലിസ്റ്റ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ് . ടി അപേക്ഷയുടെ പകർപ്പ് ബന്ധപെട്ട പഞ്ചായത്ത് സെക്രട്ടറിയ്ക്കും നൽകേണ്ടതാണ് .

2. അർബൻ ഏരിയയിലുള്ള സൂപ്പർവൈസർമാർ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കണക്ഷൻ ലഭിക്കുന്നതിനായി അതാത് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ മുഖേന പ്രസ്തുത അങ്കണവാടികളുടെ ലിസ്റ്റ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3. പ്രോഗ്രാം ഓഫീസർമാർ സൂപ്പർവൈസർമാർക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതും , മേൽ ലിസ്റ്റ് പ്രകാരം കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികളുടെ ലിസ്റ്റ് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ടോ എന്നും , piped drinking water connection ലഭ്യമാക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്നും കൃത്യമായ ഇടവേളകളിൽ monitor ചെയ്യേണ്ടതാണ് .

4 ശിശു വികസന പദ്ധതി ഓഫീസർമാർ പ്രതിമാസ പ്രോജെക്റ്റ് തല യോഗത്തിലും , പ്രോഗ്രാം ഓഫീസർമാർ ശിശു വികസന പദ്ധതി ഓഫീസർമാരുടെ പ്രതിമാസ
ജില്ല തല അവലോകന യോഗത്തിലും ഇത് സംബന്ധിച്ച് പുരോഗതി വിലയിരുത്തേണ്ടതാണ് .

5. പുരോഗതി റിപ്പോർട്ട് പ്രോഗ്രാം ഓഫീസർമാരുടെ സംസ്ഥാന തല അവലോകന യോഗത്തിൽ ലഭ്യമാക്കേണ്ടതുമാണ് .

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി